LIBRARY ARCHIVES Kerala Legislative Assembly

## വാഹന ഗതാഗതം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

**269 (1940)** ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. വി. ശശി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിദിനം ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടെ ശരാശരി എണ്ണം എത്രയാണ്, ആയതിൽ ഓരോ വിഭാഗം വാഹനങ്ങളും എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മരാമത്ത് റോഡുകളിലെ വാഹനസാന്ദ്രത ഇപ്പോൾ എത്രയാണ്, വർദ്ധിച്ചുവരുന്ന വാഹനസാന്ദ്രത കണക്കിലെടുത്ത് റോഡുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വാഹന ഗതാഗതം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിദിനം ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടെ ശരാശരിയും അതിൽ ഓരോ വിഭാഗം വാഹനങ്ങളും എത്ര വീതമുണ്ട് എന്നുള്ള വിവരം മോട്ടോർ വാഹന വകുപ്പ് ഇതുവരെ ശേഖരിച്ചിട്ടില്ല.

(ബി) കണക്കാക്കിയിട്ടില്ല.

(സി) പൊതുമരാമത്ത് വകുപ്പ് ബഡ്ജറ്റിന് അനുസൃതമായി പദ്ധതി-പദ്ധതിയേതര ഇനങ്ങളിൽപ്പെടുത്തി സംസ്ഥാനത്തെ റോഡുകൾ മെച്ചപ്പെടുത്തുന്നതിന് വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നു. ഇവ കൂടാതെ എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്മെന്റ് സ്കീം, നബാർഡ് സ്കീം മുതലായവയിലൂടെയും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. കേരളാ റോഡ് ഫണ്ട് ബോർഡ്, കെ.എസ്.ടി.പി., എസ്.ആർ.ഐ.പി., നാഷണൽ ഹൈവേ വിഭാഗം മുതലായവ വഴിയും വിവിധ റോഡ് അടിസ്ഥാന സൗകര്യ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## കുറ്റമറ്റ ട്രാഫിക് സംവിധാനത്തിനുള്ള പദ്ധതികൾ

**270 (1941)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കുറ്റമറ്റ ട്രാഫിക് സംവിധാനം ഏർപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;